LIBRARY ARCHIVES Kerala Legislative Assembly

**ഗാർഹികാവശ്യങ്ങൾക്ക് നൽകിയിട്ടുള്ള കുടിവെള്ള വാട്ടർ മീറ്ററുകളിലെ കേടുപാടുകൾ**

93 (985) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ വിവിധ കുടിവെള്ള പദ്ധതികളിലായി ഗാർഹിക ആവശ്യങ്ങൾക്ക് നൽകിയിട്ടുള്ള കുടിവെള്ള കണക്ഷനുകളിൽ വാട്ടർ മീറ്ററുകൾ അധികവും കേടായി പ്രവർത്തിക്കാത്തവയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇക്കാര്യത്തിൽ ഇപ്പോൾ അനുവർത്തിച്ചുവരുന്ന നടപടിക്രമം എന്താണെന്ന് വ്യക്തമാക്കുമോ ;

(സി) ഇത്ര വ്യാപകമായി വാട്ടർ മീറ്ററുകൾ കേടാകുന്ന സാഹചര്യത്തിൽ ഇപ്പോൾ ലഭ്യമാകുന്ന ക്ഷമത കുറഞ്ഞ വാട്ടർ മീറ്ററുകൾക്കുപകരം ദീർഘകാലം കേടാകാതെ പ്രവർത്തിക്കുന്ന ഇനം വാട്ടർ മീറ്ററുകൾ വാട്ടർ അതോറിറ്റി വഴി തന്നെ ഉപഭോക്താക്കൾക്ക് ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കേടായി പ്രവർത്തിക്കാതിരിക്കുന്ന വാട്ടർ മീറ്ററുകൾ നന്നാക്കി സ്ഥാപിക്കാനുള്ള അനുമതി കുടുംബശ്രീ പോലെയുള്ള ചില സ്ഥാപനങ്ങൾക്ക് കേരള വാട്ടർ അതോറിറ്റി നൽകുന്നുണ്ട്. കേടുപാടുകൾ മാറ്റുവാൻ സാധിക്കാത്ത വാട്ടർമീറ്ററുകൾ മാറ്റിസ്ഥാപിക്കുവാനായി ഉപഭോക്താക്കൾക്ക് നിർദ്ദേശം നൽകി. മാറ്റി ഘടിപ്പിക്കാറുണ്ട്. ഇതിനായുള്ള മുഴുവൻ ചെലവും ഉപഭോക്താക്കൾ തന്നെയാണ് വഹിക്കേണ്ടത്.

(സി) വാട്ടർ മീറ്റർ തെരഞ്ഞെടുക്കുവാനുള്ള സ്വാതന്ത്ര്യം ഉപഭോക്താവിനുണ്ട്. ഉപഭോക്താവിന്റെ ചെലവിലാണ് വാട്ടർ മീറ്ററുകൾ സ്ഥാപിക്കുക. വാട്ടർ അതോറിറ്റിയുടെ സാമ്പത്തികനില കണക്കിലെടുത്തും ഇതിനായി സംവിധാനങ്ങൾ ഇപ്പോൾ കേരള വാട്ടർ അതൊറിറ്റിയിൽ ഇല്ലാത്തതിനാലും ഈ ഉത്തരവാദിത്വം ഇപ്പോൾ ഏറ്റെടുക്കുന്നതിനു ബുദ്ധിമുട്ടുണ്ട്.

**കുടിവെള്ള പദ്ധതികളിൽ നിലവിലുള്ള വാട്ടർ ട്രീറ്റ്മെന്റ് മാർഗ്ഗങ്ങൾ**

94 (986) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ കുടിവെള്ള പദ്ധതികളിൽ വാട്ടർ ട്രീറ്റ്മെന്റിന് ഇപ്പോൾ നിലവിലുള്ള മാർഗ്ഗങ്ങൾ ഏതൊക്കെയാണ് ; ഇവ ഓരോന്നിനെക്കുറിച്ചുള്ള വിശദവിവരം ലഭ്യമാക്കുമോ ;